പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2191 17/06/2014 ൽ മറുപടിക്ക്

## കേന്ദ്ര നിയമങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നത്

ചോദ്യം

ശ്രീ. എ.എ. അസീസ്

ഉത്തരം

ശ്രീ. കെ.എം. മാണി

(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) | സംസ്ഥാനത്ത് നിയമ വകുപ്പ് ഏതെല്ലാം കേന്ദ്ര നിയമങ്ങളാണ് മലയാള ത്തിലേക്ക് തർജ്ജമ ചെയ്ത് പുറത്തിറക്കിയിട്ടു ള്ളത്. | ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ലിസ്റ്റ് 1 -ൽ ചേർത്തിട്ടുള്ള 252 കേന്ദ്ര ആക്റ്റുകൾ മലയാ ളത്തിൽ പരിഭാഷപ്പെടുത്തി പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ലിസ്റ്റ് 2 -ൽ ചേർത്തിട്ടുള്ള 14 കേന്ദ്ര ആക്റ്റുകൾ മലയാ ളത്തിൽ പരിഭാഷപ്പെടുത്തി, ബഹു. രാഷ്ട്രപതി യുടെ അംഗീകാരം വാങ്ങി അവയുടെ മലയാള ത്തിലുള്ള ആധികാരിക പാഠമായി ഭാരതത്തിന്റെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും അതിനുശേഷം കേന്ദ്ര സർക്കാർ അനുമതിയോടുകൂടി പുസ്തകരൂ പത്തിൽ വിൽപ്പനയ്ക്കായി പ്രസിദ്ധപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയുമാ ണ്. |
| ബി) | ഏതെല്ലാം നിയമങ്ങൾ ബൈലിംഗ്വൽ ആയി പുറ ത്തിറക്കിയിട്ടുണ്ട്. | കേരള ഔദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) കമ്മീഷൻ ഭാരതത്തിന്റെ ഭരണഘടന മാത്രമേ ഇതുവരെ ഇംഗ്ലീഷ് മലയാളം ദ്വിഭാഷാ പതിപ്പായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളൂ. |
| സി) | ഏതെല്ലാം നിയമങ്ങൾ മല യാളത്തിലേക്ക് തർജ്ജമ ചെയ്യാൻ ഉദ്ദേശിക്കുന്നു വെന്ന് വ്യക്തമാക്കുമോ? | കെട്ടിട - മറ്റു നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമസെസ് ആക്റ്റ്, 1996 (1996-ലെ 28) - ന്റെ മല യാള പരിഭാഷ, ആധികാരികപാഠമായി പ്രസിദ്ധ പ്പെടുത്തുന്നതിന് ബഹു. രാഷ്ട്രപതിയുടെ അംഗീ കാരത്തിനായി കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചി രിക്കുകയാണ്.<br>ലിസ്റ്റ് 3 -ൽ ചേർത്തിട്ടുള്ള 5 കേന്ദ്ര ആക്റ്റുകളുടെ മലയാള പരിഭാഷ 03/03/2014 - ൽ ന്യൂഡൽഹി യിൽ കൂടിയ കേന്ദ്ര സർക്കാർ നിയമ നീതിന്യായ മന്ത്രാലയത്തിന്റെ ഔദ്യോഗിക ഭാഷാ വിഭാഗം വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിട്ടുണ്ട്.<br>ലിസ്റ്റ് 4 -ൽ ചേർത്തിട്ടുള്ള കേന്ദ്ര ആക്റ്റുകളുടെ |

| | | |
|---|---|---|
| | | മലയാള പരിഭാഷ കേരള ഔദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) കമ്മീഷൻ അംഗീകരിച്ച്, കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. കൂടാതെ ലിസ്റ്റ് 5 -ൽ ചേർത്തിട്ടുള്ള കേന്ദ്ര ആക്റ്റുകൾ ഇപ്പോൾ കമ്മീഷനിൽ പരിഭാഷ, ടൈപ്പ് ചെയ്യൽ, ഒത്ത് നോക്കൽ, കമ്മീഷന്റെ സൂക്ഷ്മ പരിശോധന എന്നിങ്ങനെയുള്ള വിവിധ ഘട്ടങ്ങളിലിരിക്കുകയാണ്.<br>സാധാരണയായി കേന്ദ്ര സർക്കാർ മുൻഗണനാക്രമം നിശ്ചയിച്ചറിയിക്കുന്ന കേന്ദ്ര ആക്റ്റുകൾ മലയാളത്തിൽ പരിഭാഷപ്പെടുത്തി, കമ്മീഷൻ സൂക്ഷ്മ പരിശോധന നടത്തി അംഗീകരിച്ച് ആദ്യം കേന്ദ്ര ഔദ്യോഗിക ഭാഷാ വിഭാഗത്തിന്റെയും തുടർന്ന് ബഹു. രാഷ്ട്രപതിയുടെയും അംഗീകാരം വാങ്ങിയശേഷം, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973 ലെ 50) -ലെ വ്യവസ്ഥകൾ പ്രകാരം മലയാളത്തിലുള്ള ആധികാരികപാഠമായി ഭാരതത്തിന്റെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും അതിനുശേഷം വിൽപ്പനയ്ക്കായി കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ പ്രസിദ്ധപ്പെടുത്തുകയുമാണ് ചെയ്യുന്നത്. എന്നാൽ, കേരള സർക്കാർ ആവശ്യപ്പെടുന്ന കേന്ദ്ര ആക്റ്റുകളും സംസ്ഥാനത്തെ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുമെന്ന് കമ്മീഷൻ തീരുമാനിക്കുന്ന കേന്ദ്ര ആക്റ്റുകളും കേന്ദ്ര സർക്കാരിനെ അറിയിച്ചുകൊണ്ട് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി ആവശ്യമായ അംഗീകാരങ്ങൾ വാങ്ങിയശേഷം ആധികാരികപാഠമായും തുടർന്ന് പുസ്തകരൂപത്തിലും പ്രസിദ്ധപ്പെടുത്താറുണ്ട്. |

കെ.എം. മാണി,
ബഹു. ധനകാര്യ, നിയമ,
ഭവന നിർമ്മാണ, വകുപ്പ് മന്ത്രി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

കേന്ദ്ര നിയമങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പുസ്തക രൂപത്തിൽ പ്രസിദ്ധപ്പെടുത്തി പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്ന സംസ്ഥാനത്തെ ഏക ഗവൺമെന്റ് സ്ഥാപനമാണ് കേരള ഔദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) കമ്മീഷൻ. പ്രസ്തുത നിയമസഭാ ചോദ്യത്തിന് ഉത്തരം തയ്യാറാക്കിയിരിക്കുന്നത് കമ്മീഷനിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ അടിസ്ഥാനമാക്കിയാണ്. കമ്മീഷനിൽ നിന്നും ലഭിച്ച തർജ്ജമ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് (1 മുതൽ 5 വരെ) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്